"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-പ്ലാനിംഗ്-ജീവനക്കാര്യം-ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 28.02.2001 ന വിരമിച്ചതും 25.02.2023 ന മരണപ്പെട്ടിട്ടുള്ളതുമായ എച്ച്. രാജറാമിന്റെ മകൾ സീന ജോയ് ആർ.എൽ -ന് കുടുംബ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.1727/2024/LSGD തീയതി,തിരുവനന്തപുരം, 19-09-2024

---

പരാമർശം:- 1 സ.ഉ(പി)നം.526/2003/ധന തീയതി.9.10.2003

2 28.3.2023 ൽ സീന ജോയി ആർ.എൽ. സമർപ്പിച്ച അപേക്ഷ

3. പ്രിൻസിപ്പൽ ഡയറക്ടറുടെ 22.01.2024, 25.6.2024 തീയതികളിലെ LSGD/PD/27690/2023-PENB6, LSGD/PD/10107/2024-PENB5 നമ്പർ കത്തുകൾ

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പിലെ ,ചീഫ് ടൗൺ പ്ലാനർ ഓഫീസിൽ നിന്നും ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 28.02.2001 ന വിരമിച്ചതും 25.02.2023 ന മരണപ്പെട്ടിട്ടുള്ളതുമായ എച്ച്. രാജറാമിന്റെ ഭിന്നശേഷിയുള്ളതും അവിവാഹിതയുമായ മകൾ ശ്രീമതി. സീന ജോയ് ആർ.എൽ-ന് കുടുംബ പെൻഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ഇക്കാര്യം പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 25.02.2023 ന് മരണപ്പെട്ട പെൻഷണർ എച്ച്. രാജാറാമിന്റെ കുടുംബ പെൻഷൻ ഭിന്നശേഷിക്കാരിയായ മകൾ സീന ജോയിയ്ക്ക് അനുവദിക്കുന്നതിലേയ്ക്കായി യോഗ്യതാ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള എല്ലാ രേഖകളും നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭ്യമാക്കിയിരിക്കുന്ന സാഹചര്യത്തിൽ മരണപ്പെട്ട പിതാവിന്റെ കുടുംബ പെൻഷൻ 01.03.2023 മുതൽ ഗാർഡിയനായ റീനാ ജോയി മുഖേന സീന ജോയി ആർ.എൽ-ന് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അഷറഫ് എ

അണ്ടർ സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

2.ചീഫ് ടൗൺ പ്ലാനർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം

3.ശ്രീമതി.സീന ജോയി ആർ.എൽ, രാജ് നിവാസ്, ദർപവിള കാഞ്ഞിരംകുളം പി.ഒ( തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

4.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ഓഡിറ്റ്, തിരുവനന്തപുരം

5.വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി

6.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

7.സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
സെക്ഷൻ ഓഫീസർ
Date: 20-09-2024 09:23:25